

ദനഹാക്കാലം
(അഞ്ചാം ഞായർ)

# ഈശോയുടെ വെളിപ്പെടുത്തൽ

നിയ. 18:13-18; ഏശ. 48:12-20; ഹെബ്രാ. 6:9-15; യോഹ. 3:14-21. (Vol. 9, Issue 41)

**ബ്ര. ബിബിൻ വലിയനിരപ്പേൽ** MCBS

വെളിപ്പെടുത്തലുകളുടെ കാലമാണ് ദനഹാക്കാലം. ഈശോയെക്കുറിച്ചുള്ള പിതാവായ ദൈവത്തിന്റെയും സ്നാപകയോഹന്നാന്റെയും പരിശുദ്ധ അമ്മയുടെയും വെളിപ്പെടുത്തലുകളാണ് കഴിഞ്ഞയാഴ്ചകളിൽ നാം വിചിന്തനം ചെയ്തത്. ഇന്നത്തെ സുവിശേഷഭാഗം ഈശോയുടെ തന്നെ വെളിപ്പെടുത്തലാണ്. നിക്കോദേമോസുമായുള്ള സംഭാഷണത്തിനിടയിൽ ഈശോ തന്റെ മനുഷ്യാവതാരത്തിന്റെ ചരിത്രപരവും ദൈവശാസ്ത്രപരവുമായ കാരണങ്ങളാണ് വെളിപ്പെടുത്തുന്നത്. ഇവിടെ ഈശോയുടെ പ്രതിപാദ്യവിഷയങ്ങൾ തന്റെ കുരിശുമരണവും പിതാവായ ദൈവത്തിന്റെ അനന്തമായ സ്നേഹവും മനുഷ്യരക്ഷയുമാണ്.

സംഖ്യ പുസ്തകം 21:1-9 വരെയുള്ള വാക്യങ്ങളിൽ നാം കാണുന്നു, മരുഭൂമിയിൽ ഉയർത്തപ്പെട്ട പിച്ചളസർപ്പത്തെ ഈശോ തന്റെ കുരിശുമരണത്തിന്റെ അടയാളമായി അവതരിപ്പിക്കുന്നത്. ആഗ്നേയസർപ്പങ്ങളുടെ ദംശനം, മരുഭൂമിയിൽ ദൈവജനത്തിന് മഹാമാരിയായപ്പോൾ ദൈവം പറഞ്ഞുകൊടുത്ത രക്ഷാമാർഗ്ഗമാണ് പിച്ചള കൊണ്ട് സർപ്പരൂപമുണ്ടാക്കി മടിയിൽ വച്ചുകെട്ടാനും പ്രസ്തുതരൂപത്തെ നോക്കി രക്ഷ പ്രാപിക്കുവാനും. പാമ്പിന്റെ രൂപത്തെ നോക്കി പാമ്പിൻവിഷത്തെ നിർവീര്യമാക്കുന്ന ദൈവികപദ്ധതിയുടെ രഹസ്യം നമുക്ക് വ്യക്തമല്ല. പക്ഷെ, ഒരുകാര്യം വ്യക്തമാണ്. തിന്മയുടെ ശക്തിയെ അല്ലെങ്കിൽ ആഗ്നേയസർപ്പത്തെ പരാജയപ്പെടുത്തിയത് മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹമാണ്. അല്ലാതെ പിച്ചളസർപ്പ രൂപമല്ല. കുരിശിലും സംഭവിച്ചത് ഇതുതന്നെയാണ്. കുരിശ് പിശാചിന്റെ വിജയചിഹ്നമായിരുന്നു - ഈശോയുടെ കുരിശുമരണം വരെ. മനുഷ്യനെ തിന്മയുടെ നാശകരമായ വഴികളിലൂടെ നടത്തി കുരിശിലേറ്റി അപമാനിച്ച് വധിക്കുന്നതിലൂടെ പൈശാചികഭരണക്രമം ലോകത്ത് സാധ്യമായിരുന്നു. മനുഷ്യനെ നശിപ്പിക്കുന്ന വഴിതന്നെ ദൈവപുത്രനെ നശിപ്പിക്കാനും സാത്താൻ തിരഞ്ഞെടുത്തു. കുരിശിലേറ്റി അവിടുത്തെ വധിക്കുവാൻ. എന്നാൽ, സാത്താന് സമ്പൂർണ്ണമായും പരാ

ജയപ്പെടേണ്ടി വന്നു. അന്നുമുതൽ പിശാചിന്റെ പരാജയചിഹ്നവും പേടിസ്വപ്നവുമായി കുരിശ് മാറി. നിത്യജീവന്റെ അടയാളമായിത്തീർന്നു കുരിശ്. ഈ കുരിശുമരണവും നിത്യജീവനും പിതാവായ ദൈവത്തിന്റെ പദ്ധതിയായിരുന്നു. മനുഷ്യനോടുള്ള തന്റെ സ്നേഹത്തെപ്രതി തന്റെ ഏകജാതനെപ്പോലും നൽകാൻ പിതാവായ ദൈവം തയ്യാറായി. ദൈവസ്നേഹത്തിന്റെ യഥാർത്ഥസ്വഭാവം തന്റെ ഏകജാതനെ മനുഷ്യരക്ഷയ്ക്കായി നൽകിയെന്നതിലാണ് അടങ്ങിയിരിക്കുന്നത് (യോഹ. 3:16).

ഈശോ ഈ ലോകത്തിലേക്ക് വന്നത് മനുഷ്യരക്ഷയ്ക്കു വേണ്ടിയാണെന്ന് നമുക്കറിയാം. എന്താണ് ഈ മനുഷ്യരക്ഷ? യേശു നൽകുന്ന രക്ഷയുടെ മേഖലകൾ പുതിയനിയമം നമുക്ക് വ്യക്തമാക്കി തരുന്നുണ്ട്. ഒന്നാമതായി, പാപത്തിൽ നിന്നുള്ള രക്ഷയാണത്. മനുഷ്യന്റെ സകല പ്രതിസന്ധികൾക്കും കാരണമായി വർത്തിക്കുന്ന പാപത്തിൽ നിന്നുള്ള മോചനമാണ് യേശു നൽകുന്ന രക്ഷയുടെ പ്രഥമ മണ്ഡലം. രണ്ടാമതായി, പിശാചിന്റെ അടിമത്വത്തിൽ നിന്നുള്ള മോചനം. പാപം മൂലം മനുഷ്യന്റെ മേൽ ആധിപത്യം സ്ഥാപിച്ച പിശാചിനെ പരാജയപ്പെടുത്തി യേശു നമുക്ക് വിടുതൽ നൽകുന്നു. മൂന്നാമതായി, പ്രലോഭനങ്ങളിൽ നിന്നും ദുർമോഹങ്ങളിൽ നിന്നും അനിയന്ത്രിത വികാരങ്ങളിൽ നിന്നും നമ്മെ രക്ഷിച്ച് ദൈവമക്കൾക്കടുത്ത ജീവിതം നയിക്കാൻ യേശു നമ്മെ സഹായിക്കുന്നു. നാലാമതായി, നിത്യമരണത്തിൽ നിന്നും നരകത്തിൽ നിന്നും നമ്മെ രക്ഷിക്കുന്നു. രക്ഷ പ്രാപിക്കുവാനുള്ള വഴികളും യേശുതന്നെ നമ്മെ പഠിപ്പിക്കുന്നു. യേശുവിൽ വിശ്വസിക്കുക, ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുക, പാപങ്ങളോർത്ത് അനുതപിക്കുകയും അവ ഏറ്റുപറയുകയും ചെയ്യുക, ജ്ഞാനസ്നാനവും ഇതരകൂദാശകളും വിശിഷ്യാ വിശുദ്ധ കുർബാനയും സ്വീകരിക്കുക.

വിലമതിക്കാനാവാത്ത ഇത്രയേറെ അനുഗ്രഹങ്ങളും കൃപകളും ലഭിച്ചിട്ടും അതിനെയെല്ലാം വിലകെട്ടതായി കാണാനുള്ള ഒരുതരം മനോഭാവം മനുഷ്യനുണ്ട്. ഈ ആധുനികസംസ്കാരം മരണത്തിന്റെ സംസ്കാരമാകാനുള്ള കാരണവും അതുതന്നെ. ദൈവവും ദൈവികചിന്തകളും പണത്തിന്റെയും ജീവിതസൗകര്യങ്ങളുടെയും സ്ഥാനമാനങ്ങളുടെയും കണ്ണിലൂടെ നോക്കുമ്പോൾ ജീവിതത്തിൽ തകർച്ചകളുണ്ടാവാം. അത് ദൈവത്തിലേയ്ക്ക് ദൃഷ്ടിയുയർത്തുന്നതിനു വേണ്ടിയാണ്. ആകാശത്തിനും ഭൂമിയ്ക്കും മദ്ധ്യേ യാതൊരു ആശ്രയവുമില്ലാതെ മൂന്നാണികളിൽ തൂങ്ങിനിൽക്കുന്ന ദൈവത്തെ കാണുന്നതിനും വേണ്ടിയാണ്. കാൽവരിയിലെ കുരിശ് രക്ഷയുടെ അടയാളമാകുന്നു. മാനവകുലത്തിന് മുഴുവൻ രക്ഷയിലേയ്ക്ക് പാത തെളിക്കുന്നു. കാരണം, അവനെ നോക്കിയവരെല്ലാം പ്രകാശിതരായി.

പ്രകാശം കാത്തിരിക്കുന്നവർ അനേകരാണ് ഈ ലോകത്തിൽ. പാപത്തിന്റെയും അന്ധകാരത്തിന്റെയും ഇരുട്ടിൽ കഴിയുന്നവർ, ആസക്തികളുടെ പാമ്പുകടിയേറ്റ്, മദ്യവും മയക്കുമരുന്നും സർവ്വവിധ തിന്മകളും ആസ്വദിച്ച് മരണത്തിലേയ്ക്ക് യാത്രയാകുന്നവർ. ഇവർ രക്ഷയിലേയ്ക്ക് എത്തണമെങ്കിൽ കാൽവരിക്കുരിശിൽ നോക്കണം. സഹനത്തിന്റെ മരണങ്ങൾ അനുഭവിക്കുന്നവരുമുണ്ട് ഈ ലോകത്തിൽ. രോഗവും കടബാധ്യതകളും വേർപാടുകളും വഴി നിരാശയിലൂടെ കടന്നുപോകുന്നവർ. ഇവർക്കും രക്ഷ കാൽവരിക്കുരിശിൽ നിന്നാണ്.

കാൽവരിയിലെ ദൈവം അൾത്താരയിൽ ഉയർത്തപ്പെടുന്ന സമയമാണ് വിശുദ്ധ കുർബാന. മനുഷ്യനെ മരണത്തിന് വിട്ടുകൊടുക്കാതിരിക്കുവാൻ തന്റെ ഏകജാതനെ മരണത്തിനു വിട്ടുകൊടുത്ത ദൈവത്തിന്റെ സ്നേഹം ഇന്നും നാം അനുഭവിച്ചറിയുന്ന സമയം. ഈ സമയം നമുക്കും പ്രത്യാശിക്കാം. കർത്താവേ, അയോഗ്യനെങ്കിലും എന്നെയും അങ്ങയുടെ രക്ഷയിലേയ്ക്ക് നയിക്കേണമേ. ആമ്മേൻ.